**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സർക്കാർ)

Suiit/03/2021-CT(1) തീയതി: **11/01/2021**

**<u>മികച്ച പരിശീലകർക്കുള്ള അവാർഡ് നൽകുന്നതിനുള്ള വിജ്ഞാപനം</u>**

വ്യാവസായിക പരിശീലന വകുപ്പിലെ 2017-2018 പരിശീലന വർഷത്തെ മികച്ച പ്രിൻസിപ്പാൾ-1 മികച്ച ഗ്രൂപ്പ് ഇൻസ്ട്രക്ടർ-1, മികച്ച ഇൻസ്ട്രക്ടർമാർ-4 (എഞ്ചിനീയറിംഗ് ട്രേഡ് ഇൻസ്ട്രക്ടർമാർ-2, നോൺ എഞ്ചിനീയറിംഗ്-1, എ.സി.ഡി-1) എന്നിവരെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു . 2017-2018 പരിശീലന വർഷത്തെ പ്രവർത്തന മികവാണ് അവാർഡിൻറെ മാനദണ്ഡം . അവാർഡിന് അർഹരാകുന്നവർക്ക് 50,000/- (അൻപതിനായിരം) വീതം ക്യാഷ് പ്രൈസും മെമൻറോയും സർട്ടിഫിക്കറ്റും നൽകുവാൻ സർക്കാർ അനുമതിയുണ്ട്. ഇതിലേയ്ക്കുള്ള അപേക്ഷയുടെ മാതൃകകൾ ഇതോടൊപ്പം ചേർക്കുന്നു. പൂരിപ്പിച്ച അപേക്ഷകൾ നിശ്ചിത തീയതിയ്ക്കകം സ്പെഷ്യൽ ഓഫീസർ, സ്യൂട്ട്-കേരള,കഴക്കൂട്ടം - ന് സോഫ്റ്റ് കോപ്പിയായി suiitkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ നൽകേണ്ടതും ഹാർഡ്കോപ്പി തപാൽ മാർഗ്ഗമോ, പ്രത്യേക ദൂതൻ മുഖേനയോ ലഭ്യമാക്കേണ്ടതുമാണ്. ഒരു കാരണവശാലും ശിപാർശ്ശ ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥരുടെ കൈവശം അപേക്ഷകൾ കൊടുത്തയക്കരുത്. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

2017-18 പരിശീലന വർഷത്തേയ്ക്ക് 02.02.2019 ലെ Suiit/502/2018-CT നമ്പർ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിച്ച് പരിശോധന പൂർത്തിയായ ഉദ്യോഗസ്ഥർ സർക്കാർ അംഗീകരിച്ച പുതിയ മാനദണ്ഡങ്ങൾക്കനുസരിച്ച് ഒരിക്കൽ കൂടി അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ പുതിയ മാനദണ്ഡത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതും മുൻപ് നൽകാത്തതുമായ വിവരങ്ങൾമാത്രം അപേക്ഷയോടൊപ്പം നൽകിയാൽ മതിയാകും.

**മികച്ച പ്രിൻസിപ്പാൾ -ഒന്ന്**

2017-2018 കാലയളവിൽ പ്രിൻസിപ്പാൾ സ്ഥാപനമേധാവിയായിരുന്ന ഐ.ടി.ഐയിലെ ട്രെയിനീസിൻറെ റിസൾട്ട് , പ്ലേസ്മെൻറ്, സ്ഥപനത്തിൻറെ ഉയർച്ചക്കായി ചെയ്തിട്ടുള്ള മറ്റ് കാര്യങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡിനർഹതയുള്ള പ്രിൻസിപ്പാളിനെ തെരഞ്ഞെടുക്കുന്നത്.

<u>അപേക്ഷ തയ്യാറാക്കി അയയ്ക്കേണ്ട വിധം</u>

പാർട്ട്-എ പ്രിൻസിപ്പാൾ പൂരിപ്പിക്കേണ്ടതും, പാർട്ട് - ബി സൂക്ഷ്മമായ പരിശോധനക്ക് ശേഷം ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**നിബന്ധനകൾ**

1 പ്രിൻസിപ്പാളായി കുറഞ്ഞത് 5 വർഷത്തെ പ്രവർത്തിപരിചയം (31.12.2018 ൽ) ആവശ്യമാണ്.
2 സർക്കാർ/വകുപ്പ്തല അച്ചടക്ക നടപടികൾക്ക് വിധേയരായവർ ആയിരിക്കരുത്.
3 വിജിലൻസ്/പോലീസ്/കോടതികേസ് നിലവില്ലുള്ളവരെ പരിഗണിക്കുന്നതല്ല.
4 സ്ഥാപനത്തിൻറേയും, ട്രെയിനീസിൻറേയും ഉന്നമനത്തിനായി പ്രവർത്തിക്കുന്നവർ ആയിരിക്കണം.
5 മുൻ വർഷങ്ങളിൽ അവാർഡ് ലഭിച്ചവരെ തുടർന്ന് മൂന്ന് വർഷത്തേക്ക് പരിഗണിക്കുന്നതല്ല.

പൂരിപ്പിച്ച അപേക്ഷകൾ 20.01.2021 നകം ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്ക് സമർപ്പിക്കേണ്ടതും ട്രെയിനിംഗ് ഇൻസ്പെക്ടർമാർ സൂക്ഷ്മമായ പരിശോധനയ്ക്കും ആവശ്യമായ രേഖപ്പെടുത്തലുകൾക്കും ശേഷം 28.01.2021 നകം സ്പെഷ്യൽ ഓഫീസർ, സ്യൂട്ട്-കേരള,കഴക്കൂട്ടം - ന് ലഭ്യമാക്കേണ്ടതുമാണ്.

**മികച്ച ഗ്രൂപ്പ് ഇൻസട്രക്ടർ- ഒന്ന്**

2017-2018 കാലയളവിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടറായി ചുമതലവഹിച്ചിരുന്ന ട്രേഡുകളിലെ ട്രെയിനീസിൻറെ റിസൾട്ട്, പ്ലേസ്മെൻറ്, സ്ഥാപനത്തിൻറെ ഉയർച്ചക്കായി ചെയ്തിട്ടുള്ള മറ്റ് കാര്യങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡിനർഹതയുള്ള ഗ്രൂപ്പ് ഇൻസ്ട്രക്ടറെ തെരഞ്ഞെടുക്കുന്നത്.

<u>അപേക്ഷ തയ്യാറാക്കി അയയ്ക്കേണ്ട വിധം</u>

പാർട്ട്-എ ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ പൂരിപ്പിക്കേണ്ടതും പാർട്ട് - ബി അപേക്ഷകൻ പ്രിൻസിപ്പാളിൻറെ സഹായത്തോടെ തയ്യാറാക്കേണ്ടതും പ്രിൻസിപ്പൾ സാക്ഷ്യപ്പെടുത്തേണ്ടതു മാണ്.

**നിബന്ധനകൾ.**

1 മുൻ വർഷങ്ങളിൽ അവാർഡ് ലഭിച്ചവരെ തുടർന്ന് മൂന്ന് വർഷത്തേക്ക് പരിഗണിക്കുന്നതല്ല.
2 ഗ്രൂപ്പ് ഇൻസട്രക്ടർ ആയി കുറഞ്ഞത് 1 വർഷത്തെ പ്രവർത്തിപരിചയം (31.12.2018 ൽ) ആവശ്യമാണ്.
3 സർക്കാർ/വകുപ്പ്തല അച്ചടക്ക നടപടികൾക്ക് വിധേയരായവർ ആയിരിക്കരുത്.
4 വിജിലൻസ്/പോലീസ്/കോടതികേസ് നിലവില്ലുള്ളവരെ പരിഗണിക്കുന്നതല്ല.
5 സ്ഥാപനത്തിൻറേയും, ട്രെയിനീസിൻറേയും ഉന്നമനത്തിനായി പ്രവർത്തിക്കുന്നവർ ആയിരിക്കണം

പൂരിപ്പിച്ച അപേക്ഷകൾ 20.01.2021 നകം പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതും പ്രിൻസിപ്പൾമാർ സൂക്ഷ്മപരിശോധനക്ക് ശേഷം 28.01.2021 നകം സ്പെഷ്യൽ ഓഫീസർ, സ്യൂട്ട്-കേരള, കഴക്കൂട്ടം - ന് ലഭ്യമാക്കേണ്ടതുമാണ്.

**മികച്ച ഇൻസട്രക്ടർ -നാല്**

2017-2018 കാലയളവിൽ ഇൻസ്ട്രക്ടർ പൂർണ്ണമായും ക്ലാസ്സുകളെടുത്ത (2 സെമസ്റ്റർ) ട്രെയിനീസിൻറെ റിസൾട്ട്, പരിശീലനത്തിൽ കാണിച്ച മികവ്, സ്ഥാപനത്തിൻറെ ഉയർച്ചക്കായി ചെയ്തിട്ടുള്ള മറ്റ് കാര്യങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡിനർഹരായവരെ തെരഞ്ഞെടുക്കുന്നത്.

<u>അപേക്ഷ തയ്യാറാക്കി അയയ്ക്കേണ്ട വിധം</u>

പാർട്ട്-എ ഇൻസ്ട്രക്ടർമാർ പൂരിപ്പിക്കേണ്ടതും സ്ഥാപന മേധാവി സർട്ടിഫൈ ചെയ്യേണ്ടതുമാണ്. പാർട്ട് - ബി സ്ഥാപന മേധാവി ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരുടെ സഹായത്തോടെ ചെയ്യേണ്ടതാണ്.

**നിബന്ധനകൾ.**

1 കഴിഞ്ഞ വർഷം അവാർഡ് ലഭിച്ചവരെ തുടർന്ന് മൂന്ന് വർഷത്തേക്ക് പരിഗണിക്കുന്നതല്ല.
2 ഇൻസട്രക്ടർ ആയി കുറഞ്ഞത് 5 വർഷത്തെ പ്രവർത്തിപരിചയം (31.12.2018 ൽ) ആവശ്യമാണ്
3 സർക്കാർ/വകുപ്പ്തല അച്ചടക്ക നടപടികൾക്ക് വിധേയരായവർ ആയിരിക്കരുത്
4 വിജിലൻസ്/പോലീസ്/കോടതികേസ് നിലവിലുള്ളവരെ പരിഗണിക്കുന്നതല്ല.
5 സ്ഥാപനത്തിൻറേയും, ട്രെയിനീസിൻറേയും ഉന്നമനത്തിനായി പ്രവർത്തിക്കുന്നവർ ആയിരിക്കണം
6 നിർബന്ധിത പരിശീലനം(സി.റ്റി.ഐ/മോഡ്യുലാർ) പൂർത്തിയായവർക്ക് മുൻഗണന നൽകുന്നതായിരിക്കും

പൂരിപ്പിച്ച അപേക്ഷകൾ 20.01.2021 നകം പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതും പ്രിൻസിപ്പൾമാർ ആവശ്യമായ രേഖപ്പെടുത്തലുകൾക്ക് ശേഷം 28.01.2021 നകം സ്പെഷ്യൽ ഓഫീസർ, സ്യൂട്ട്കേരള കഴക്കൂട്ടം - ന് ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ

ഉള്ളടക്കം: അപേക്ഷകളുടെ മാതൃക( പാർട്ട് എ-യും ബി-യും)

പകർപ്പ്: 1. ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്ക്
2. ശ്രീ. മനോജ് മാത്യു (വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി).
3. സംഭരണഫയൽ.

// അംഗീകാരത്തോടെ//

സ്പെഷ്യൽ ഓഫീസർ
Additional Director of Training/
Special Officer
SUIIT-KERALA
Skill Updating Institute for
Industrial Training-Kerala
Kazhakuttom-695 582.

SKILL UPDATING INSTITUTE FOR INDUSTRIAL TRAINING KAZHAKUTTAM KERALA

3/3